## കേരള സർക്കാർ

## പൊതുവിദ്യാഭ്യാസ വകുപ്പ്

# ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ കോഴ്സ്

# കൈപ്പുസ്തകം




**സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ & ലൈഫ്‌ലോങ് എഡ്യൂക്കേഷൻ–കേരള**

വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം – 695012

ഫോൺ : 0471 2342950, 2342369, 2342271

ഇ–മെയിൽ : scolekerala@gmail.com




***Prepared by:***

**SCOLE-Kerala**

Vidyabhavan, Poojappura, Thiruvananthapuram-12 - Kerala

Phone: 0471 2342271, 2342369, 2342950

E-mail: scolekerala@gmail.com

***Type setting by:***

**SCOLE-Kerala Computer Lab**



©

SCOLE-Kerala - 2023

Department of General Education

Government of Kerala

## ഉള്ളടക്കം


| ക്രമ നം. | വിഷയവിവരണം | പേജ് നം. |
|---|---|---|
| 1. | ആമുഖം | 4 |
| 2. | ഫീസ് ഘടന | 5 |
| 3. | അപേക്ഷിക്കേണ്ട വിധം | 6 |
| 4. | തിരിച്ചറിയൽ കാർഡ് | 7 |
| 5. | സ്കോർ ഷീറ്റ്, സർട്ടിഫിക്കറ്റ് | 9 |
| 6. | പുനഃപ്രവേശനം | 10 |
| 7. | അനുബന്ധം | 12 – 19 |

# ആമുഖം

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസ സ്വയംഭരണസ്ഥാപനമാണ് സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ-കേരള (സ്കോൾ-കേരള). ബഹു. പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രിയാണ് സ്കോൾ-കേരളയുടെ ചെയർമാൻ.

30.01.2023 ലെ സ.ഉ (സാധാ) നം. 766/2023/പൊ.വി.വ ഉത്തരവ് പ്രകാരം സ്കോൾ-കേരള മുഖേന ആറുമാസം ദൈർഘ്യമുള്ള റഗുലർ കോഴ്സായ 'ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ്' ആരംഭിക്കുന്നതിനും പാഠ്യപദ്ധതി അംഗീകരിച്ചും സർക്കാർ അനുമതി ലഭിച്ചു.

കേരളത്തിൽ ഹോം നഴ്സുമാർക്ക് പാലിയേറ്റീവ് പരിശീലനങ്ങൾ ഉൾപ്പെടുത്തിയ ഗുണ നിലവാരമുള്ള അംഗീകൃത പാഠ്യപദ്ധതിയോ പരിചരണത്തിൽ ശാസ്ത്രീയമായ പഠനരീതിയോ നിലവിലില്ല. ഹോം നഴ്സിംഗ് രംഗത്തെ വിവിധ ഏജൻസികൾ ലഭ്യമാക്കുന്ന പരിമിതമായ പരിശീലനം മാത്രം സ്വായത്തമാക്കിയാണ് ഈ മേഖലയിൽ ഭൂരിഭാഗം ഹോം നഴ്സുമാരും പ്രവർത്തിക്കുന്നത്. ആയതിനാൽ വീടുകളിൽ രോഗം മൂലവും പ്രായാധിക്യം മൂലവും ബുദ്ധിമുട്ടുന്നവരുടെ പ്രയാസങ്ങൾ ലഘൂകരിക്കുവാൻ ഹോം നഴ്സുമാർക്ക് കാര്യമായ ഇടപെടൽ നടത്തുവാൻ കഴിയാറുമില്ല.

പ്രസ്തുത സാഹചര്യത്തിൽ 18 നും -45 നുമിടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി വിജയിച്ചവരെ തെരഞ്ഞെടുത്ത് രോഗം, പ്രായാധിക്യം എന്നിവയാൽ അവശത അനുഭവിക്കുന്നവർക്ക് വീടുകളിൽ ശാസ്ത്രീയമായ പരിചരണം നൽകുവാൻ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് 'ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ' എന്ന കോഴ്സ് ആരംഭിക്കുന്നത്. സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ പഠിതാക്കൾക്ക് ഹോം കെയർ യൂണിറ്റിലൂടെ ഗൃഹകേന്ദ്രീകൃത പ്രായോഗിക പരിശീലനം നൽകും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്കോൾ-കേരള സർട്ടിഫിക്കറ്റ് നൽകും. കോഴ്സ് വിജയിക്കുന്നവർ സർക്കാർ അംഗീകൃത ശാസ്ത്രീയ പരിശീലനം ലഭിച്ച ഹോം നഴ്സുമാർ ആയിമാറും. സർക്കാർ ഏജൻസികൾക്കൊപ്പം മറ്റ് സ്വകാര്യ ഏജൻസികൾക്കും ഇവരെ ഹോം നഴ്സിംഗ് ജോലിക്ക് നിയോഗിക്കുവാൻ സാധിക്കും. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തും ഇവർക്ക് ജോലി സാധ്യതകൾ ഏറെയാണ്.

ഈ കോഴ്സ് സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ കൈപ്പുസ്തകം എല്ലാവർക്കും സഹായകരമായിരിക്കും എന്ന് പ്രത്യാശിക്കുന്നു.

വിശ്വസ്തതയോടെ

**ഡോ. പ്രമോദ്.പി**
വൈസ്ചെയർമാൻ & (എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻചാർജ്)
സ്കോൾ-കേരള

| | | |
|---|---|---|
| **കോഴ്സിന്റെ പേര്** | – | **ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിങ് കെയർ** |
| **കോഴ്സിന്റെ അംഗീകാരം** | – | കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പ്, (സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.766/2023/പൊ.വി.വ, തീയതി 30.01.2023) (സർക്കാർ ഉത്തരവ് അനുബന്ധം 1) |
| **പ്രവേശന യോഗ്യത** | – | എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സിൽ ഉപരിപഠന യോഗ്യത |
| **പ്രായപരിധി** | – | 18 വയസ് മുതൽ 45 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കി പ്രായം കണക്കാക്കും.) |
| **പഠന മാധ്യമം** | – | ഇംഗ്ലീഷ്/മലയാളം |
| **പഠനരീതി** | – | ഓഫ് ലൈൻ |

**കോഴ്സ് കാലാവധി**

6 മാസം ദൈർഘ്യമുള്ള റഗുലർ കോഴ്സ്. ആഴ്ചയിൽ 2 ദിവസം തിയറി (ശനി, ഞായർ, മറ്റ് പൊതുഅവധി ദിവസങ്ങളിൽ), 2 ദിവസം പ്രാക്ടിക്കൽ (തിങ്കൾ മുതൽ വെള്ളിവരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഏതെങ്കിലും രണ്ട് ദിവസം) എന്ന നിലയിൽ ആഴ്ചയിൽ 4 ദിവസങ്ങളിലായി ക്ലാസ്സുകൾ ക്രമീകരിക്കും. (തിയറി 260 മണിക്കൂർ, പ്രാക്ടിക്കൽ 260 മണിക്കൂർ- ആകെ 520 മണിക്കൂർ)

**ഫീസ് ഘടന**

| | | |
|---|---|---|
| കോഴ്സ് ഫീസ് | – | 10,000/- |
| പ്രവേശന ഫീസ് | – | 500/- |
| ആകെ | – | 10,500/- |
| ഫൈൻ | – | 100/- (നിർദ്ദിഷ്ട അവസാന തീയതിയ്ക്ക് ശേഷം നിശ്ചിത സമയപരിധിവരെ) |

കോഴ്സ് ഫീസ് ഒറ്റത്തവണയോ രണ്ട് ഗഡുക്കളായോ ഒടുക്കാവുന്നതാണ്. ഗഡുക്കളായി ഒടുക്കുന്നവർ കോഴ്സ് ഫീസിന്റെ 50 ശതമാനവും പ്രവേശന ഫീസും (5000 + 500) രജിസ്ട്രേഷൻ സമയത്തും രണ്ടാം ഗഡു 50 ശതമാനം ഹാജർനില പൂർത്തിയാകുന്നതിന് മുൻപും (5000 രൂപ) ഒടുക്കേണ്ടതാണ്.

- **പഠനസഹായികൾ**

ലളിതമായ ഭാഷയിൽ, രണ്ടു ഭാഗങ്ങളായി തയ്യാറാക്കിയ പഠന സഹായികൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലഭിക്കും. കോഴ്സ് ആരംഭിക്കുമ്പോൾ പഠനകേന്ദ്രം മുഖേനയോ/തപാൽമാർഗ്ഗമോ അതത് പഠനകേന്ദ്രം/വിദ്യാർത്ഥിയുടെ മേൽ വിലാസത്തിൽ ലഭ്യമാക്കും. കോഴ്സ് സിലബസ് സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്.

■ **പഠനകേന്ദ്രങ്ങൾ**

സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ, സന്നദ്ധ പാലിയേറ്റീവ് കെയർ ക്ലിനിക്കുകൾ (സി.ബി.ഒ), സർക്കാർ പാലിയേറ്റീവ് കെയർ സെന്ററുകൾ എന്നിവ പഠനകേന്ദ്രങ്ങളായി ജനറൽ കൗൺസിലിന്റെയും സർക്കാരിന്റെയും അനുമതിയോടെ അനുവദിക്കും. 25 വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ബാച്ചുകൾ ക്രമീകരിക്കുന്നത്. പഠനകേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമായിരിക്കും.

*പ്രായോഗിക പരിശീലനം സർക്കാർ സന്നദ്ധ മേഖലയിലുള്ള അക്രഡിറ്റഡ് ഹോം കെയർ യൂണിറ്റുകളുമായി സഹകരിച്ച് ഗൃഹകേന്ദ്രീകൃത പ്രായോഗിക പരിശീലനം നൽകും.* **(നിലവിലെ പഠനകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം 2)**

■ **പ്രവേശനം**

- പ്രവേശന വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയശേഷം സ്കോൾ-കേരളയുടെ വെബ് സൈറ്റ് (www.scolekerala.org) മുഖാന്തിരം വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്. ആദ്യം കോഴ്സ് ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യുന്നവർക്ക് ആദ്യം പ്രവേശനം എന്ന ക്രമത്തിൽ പഠനകേന്ദ്രം അടിസ്ഥാനത്തിൽ നിർദിഷ്ട എണ്ണം വിദ്യാർത്ഥികളുടെ ഒരു മെയിൻ ലിസ്റ്റും, നിർദിഷ്ട എണ്ണം വിദ്യാർഥികളുടെ ഒരു സപ്ലിമെന്ററി ലിസ്റ്റും തയ്യാറാക്കുന്നതാണ്. മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് സംബന്ധിച്ച ഓറിയന്റേഷൻ നൽകി പ്രവേശനം അനുവദിക്കും. ഓറിയന്റേഷനു ശേഷം ഏതെങ്കിലും സാഹചര്യത്തിൽ പഠിതാക്കളുടെ എണ്ണത്തിൽ കുറവ് വന്നാൽ ഓരോ ബാച്ചിലെയും പഠിതാക്കളുടെ നിർദ്ദിഷ്ട എണ്ണം നിലനിർത്തുന്നതിന് സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും പഠിതാക്കളെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത് ഓറിയന്റേഷൻ നൽകി പ്രവേശനം അനുവദിക്കുന്നതാണ്.

■ **ഫീസൊടുക്കേണ്ട വിധം**

- **ഓൺലൈൻ രജിസ്ട്രേഷൻ ഒന്നോ രണ്ടോ ഘട്ടങ്ങളായി പൂർത്തിയാക്കാവുന്നതാണ്. വിദ്യാർഥിയുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഫീസ് അടയ്ക്കാനുള്ള രീതി ഓൺലൈൻ/ഓഫ് ലൈൻ തെരെഞ്ഞെടുക്കാവുന്നതാണ്. ഓൺലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ ഒരു ഘട്ടമായും ഓഫ് ലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ രണ്ടു ഘട്ടങ്ങളായുമാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്.**

- **ഓഫ് ലൈൻ മോഡ് തെരഞ്ഞെടുക്കുന്നവർക്ക് ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയുള്ളതാണ് ഒന്നാംഘട്ടം. ജനറേറ്റ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഏതെങ്കിലും ഒരു പോസ്റ്റാഫീസിൽ ഫീസ് ഒടുക്കിയ ശേഷം ഫീസ് അടച്ച തീയതി, പോസ്റ്റാഫീസിന്റെ പേര്, ഫീസ് അടയ്ക്കുമ്പോൾ പോസ്റ്റാഫീസിൽനിന്നും ലഭിക്കുന്ന രസീതിലെ ഇൻവോയിസ് നമ്പർ എന്നിവ രേഖപ്പെടുത്തിയശേഷം അപേക്ഷ confirm ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയുള്ളതാണ് രണ്ടാംഘട്ടം.**
- **ഫീസ് ഒടുക്കിയ ചെലാനിലെ നിർദ്ദിഷ്ട വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷ confirm ചെയ്താൽ മാത്രമെ അപേക്ഷയുടെ പ്രിന്റ്ഔട്ട് ലഭ്യമാകുകയുള്ളൂ.**
- **ഓഫ് ലൈൻ മോഡിൽ ഫീസ് ഒടുക്കുന്നവർ പോസ്റ്റാഫീസിൽനിന്നും ചെലാനോടൊപ്പം ഇൻവോയിസും ചോദിച്ച് വാങ്ങി ഹാജരാക്കേണ്ടതാണ്.**

## ■ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

- ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റ്ഔട്ട്. പ്രിൻറൗട്ടിലെ ഫോട്ടോഗ്രാഫ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.
- ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ/ഓൺലൈൻ ഫീസ് രസീത് (പോസ്റ്റ് ഓഫീസ് ചെലാൻ ഹാജരാക്കുന്നവർ ഇൻവോയിസ് സഹിതം സമർപ്പിക്കുക.)
- ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാസർട്ടിഫിക്കറ്റിന്റെ പകർപ്പ്

## ■ അപേക്ഷ അയയ്ക്കേണ്ട വിലാസം

സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ /ജില്ലാ ഓഫീസിൽ നേരിട്ടോ, രജിസ്സ്ട്രേഡ്/സ്പീഡ് തപാൽ മാർഗമോ അപേക്ഷകൾ എത്തിക്കണം.

സംസ്ഥാന ഓഫീസിന്റെ വിലാസം : -

***എക്സിക്യൂട്ടീവ് ഡയറക്ടർ,***
***സ്കോൾ - കേരള, വിദ്യാഭവൻ,***
***പൂജപ്പുര പി. ഒ.,***
***തിരുവനന്തപുരം - 695012***



ജില്ലാ ഓഫീസുകളുടെ വിലാസം **അനുബന്ധം 3**

## ■ തിരിച്ചറിയൽ കാർഡ്

- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം പഠനകേന്ദ്രങ്ങൾ അനുവദിച്ച്, തിരിച്ചറിയൽ കാർഡ് നൽകും. രജിസ്ട്രേഷൻ സമയത്ത് വിദ്യാർത്ഥികൾക്ക് ലഭിച്ച യൂസർ ഐ ഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് തിരിച്ചറിയൽ കാർഡിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട പഠന കേന്ദ്രം കോഡിനേറ്ററുടെ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിക്കേണ്ടതാണ്. സമ്പർക്ക ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്.

- **സമ്പർക്കക്ലാസ്**

**സമ്പർക്ക ക്ലാസ്സ് (തിയറി & പ്രാക്ടിക്കൽ)**
**തിയറി ക്ലാസ്സ് - ആകെ 260 മണിക്കൂർ**

ആഴ്ചയിൽ 2 ദിവസം (ശനി, ഞായർ മറ്റ് പൊതു അവധി ദിവസങ്ങൾ) 10 മണിക്കൂർ തിയറി ക്ലാസ്സുകൾ (സമയം 10.00 am - 04.00 pm).

**പ്രായോഗിക ക്ലാസ്സ് - ആകെ 260 മണിക്കൂർ**

തിങ്കൾ മുതൽ വെള്ളി വരെ ഏതെങ്കിലും 2 ദിവസം ഹോം കെയർ യൂണിറ്റുകളിൽ ഗൃഹകേന്ദ്രീകൃത പ്രായോഗിക പരിശീലനം നൽകും. (സമയം - 09.30 am മുതൽ 04.30 pm വരെ).

**സമ്പർക്ക ക്ലാസ്സുകളുടെ ആകെ ദൈർഘ്യം 520 മണിക്കൂർ**

- സമ്പർക്ക ക്ലാസ്സ് ആരംഭിക്കുന്ന വിവരം പത്രമാധ്യമങ്ങൾ വഴി അറിയിക്കും.
- **പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ 80 ശതമാനം ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം. നിശ്ചിത ഹാജർ ലഭിക്കാത്ത വിദ്യാർഥികൾ ഹാജർ കുറവ് പരിഹരിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം നിർദ്ദിഷ്ട അപേക്ഷ സമർപ്പിക്കേണ്ടതാണ്. (അപേക്ഷാ ഫോറം അനുബന്ധം 4 )**

- **പരീക്ഷ**

കോഴ്സ് കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് വിലയിരുത്തലിന്റെ ഭാഗമായി തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകും. പരീക്ഷ സംബന്ധിച്ച അറിയിപ്പ് പഠനകേന്ദ്രങ്ങൾ, വെബ്സൈറ്റ്, പത്രമാധ്യമങ്ങൾ മുഖേനെ നൽകുന്നതാണ്.

## EVALUATION

| Internal Assessment | Numbers/Hours | Marks |
|---|---|---|
| Log Book | | 20 |
| Continuous Assessment from Observation unit | | 10 |
| Monthly Evaluation Average | | 10 |
| **Total** | | **40** |
| **Final Evaluation** | | |
| **Theory Examination** | | |
| Paper I | 1 hr | 50 |
| Paper II | 2 hrs | 100 |
| **Total** | | **150** |

| | | |
|---|---|---|
| **Practical Examination** | | |
| Procedure Demonstration | 30 min | 100 |
| Role Play | | 10 |
| **Total** | | **110** |
| **Grand Total** | | **300** |

- **കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് സംഘാടനം, ഫല പ്രഖ്യാപനം**

ഉത്തര പേപ്പറുകളുടെ മൂല്യനിർണ്ണയത്തിന് ഒരു കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ച് മൂല്യനിർണ്ണയം പൂർത്തിയാക്കി പരീക്ഷ ബോർഡിന്റെ നിർദ്ദേശാനുസരണം ഫലം പ്രസിദ്ധപ്പെടുത്തും.

- **പരീക്ഷാ ഫീസ്**

| | |
|---|---|
| ഒരു പേപ്പറിന് | - 250/-രൂപ (250 x 2 = 500) |
| സർട്ടിഫിക്കറ്റ് ഫീസ് | - 200/- രൂപ |
| കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് ഫീസ് | - 200/- രൂപ |
| **ആകെ** | **- 900/- രൂപ** |
| ഫൈൻ തീയതിയ്ക്ക് | - 100/- രൂപ (നിർദ്ദിഷ്ട അവസാന തീയതിക്കു ശേഷം നിശ്ചിത സമയ പരിധി വരെ) |
| റീവാല്യുവേഷൻ ഫീസ് | - ഒരു പേപ്പറിന് 500/- രൂപ വീതം |
| സ്ക്രൂട്ടിണി ഫീസ് | - ഒരു പേപ്പറിന് 200/- രൂപ വീതം |
| ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി | - ഒരു പേപ്പറിന് 250/- രൂപ വീതം |

- **സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ്, ഡിപ്ലോമ സർട്ടിഫിക്കറ്റ്**

കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയ വിദ്യാർഥികൾക്ക് സ്കോൾ-കേരള എക്സിക്യൂട്ടീവ് കൗൺസിലിന്റെ അംഗീകാരത്തോടെയും ജനറൽ കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായും സർക്കാർ അനുമതിയോടെ സ്കോർ ആന്റ് ഗ്രേഡ് ഷീറ്റും, നിശ്ചിത യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് സ്കോർ ആന്റ് ഗ്രേഡ് ഷീറ്റിനോടൊപ്പം ഡിപ്ലോമ സർട്ടിഫിക്കറ്റും നൽകും. സ്കോർ/ഗ്രേഡ് ഷീറ്റും ഡിപ്ലോമ സർട്ടിഫിക്കറ്റും പരീക്ഷാകേന്ദ്രം മുഖേന വിതരണം ചെയ്യും.

- **ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ്**

തിരിച്ചറിയൽ കാർഡ് നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതിന് ഓൺലൈൻ/ഓഫ് ലൈൻ മോഡിൽ 50/- രൂപ ഫീസൊടുക്കിയ ഓൺലൈൻ ഫീസ് രസീത്/ചെലാനും അഡ്മിഷൻ നമ്പർ രേഖപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയും സ്കോൾ-കേരളയുടെ ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ് , സ്കോർ/ഗ്രേഡ് ഷീറ്റ് – മാനദണ്ഡങ്ങൾ

- **ഡ്യൂപ്ലിക്കേറ്റ് ഡിപ്ലോമ സർട്ടിഫിക്കറ്റ്**

  ഡിപ്ലോമ സർട്ടിഫിക്കറ്റ് തിരിച്ച് കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 200 രൂപയിൽ കുറയാത്ത തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 400/- രൂപ ഫീസ് ഒടുക്കിയ ഓൺലൈൻ ഫീസ് രസീത്/പോസ്റ്റോഫീസ് ചെലാൻ, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. **(അപേക്ഷാഫോറം അനുബന്ധം 5)**

- **സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ്**

  അസൽ സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടാൽ ആയത് വ്യക്തമാക്കി 100 രൂപ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറി പബ്ളിക് സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ്, 200/- രൂപ ഫീസ് ഓൺലൈൻ/ഓഫ് ലൈനായി ഒടുക്കിയ ഫീസ് രസീത്/പോസ്റ്റോഫീസ് ചെലാൻ, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫാറം എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. **(അപേക്ഷാഫോറം അനുബന്ധം 6)**

- **പുനഃപ്രവേശനം**

• ഏതെങ്കിലും കാരണത്താൽ ഒരു ബാച്ചിൽ പഠനം പൂർത്തിയാക്കാൻ സാധിക്കാത്തവർക്ക് നിലവിലെ സിലബസ് മാറുന്നതുവരെ നിശ്ചിത ഫീസ് ഈടാക്കി വ്യവസ്ഥകൾക്ക് വിധേയമായി പുനഃപ്രവേശനം അനുവദിക്കും. പുനഃപ്രവേശന ഫീസ് 1000/- രൂപയാണ്. പുനഃപ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

• പുനഃപ്രവേശനത്തിനുള്ള അപേക്ഷയോടൊപ്പം സമ്പർക്ക ക്ലാസുകളിൽ പങ്കെടുത്തിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള പഠന കേന്ദ്രം മേലധികാരിയുടെ കത്ത് സഹിതം അപേക്ഷ സമർപ്പിക്കണം. ഫീസ് ഒടുക്കിയ അസ്സൽ ചെലാൻ /ഓൺലൈൻ ഫീസ് രസീത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

### വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ

- എല്ലാ ദിവസവും കൃത്യസമയത്ത് തന്നെ ക്ലാസ്സിൽ ഹാജരാകേണ്ടതാണ്.
- സത്യസന്ധതയും ആത്മാർത്ഥതയും പരസ്പര ബഹുമാനവും എല്ലാ വിദ്യാർത്ഥികളിൽ നിന്നും പ്രതീക്ഷിക്കുന്നു. രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും മറ്റ് ടീം അംഗങ്ങളോടും സൗഹാർദ്ദപരമായി പെരുമാറണം.

- ക്ലാസ്സ് സമയത്ത് മൊബൈൽ ഫോൺ ഓഫ് ചെയ്യുകയോ നിശബ്ദമാക്കുകയോ ചെയ്യണം.
- എല്ലാ തിയറിക്ലാസ്സുകളിലും നിർബന്ധമായും പങ്കെടുത്തിരിക്കണം.
- ഹോം കെയർ ടീം അംഗങ്ങളുമായി നല്ല സൗഹൃദം സൂക്ഷിക്കേണ്ടതാണ്.
- ഓരോ രോഗിയെയും സന്ദർശിക്കുന്നതിന് മുൻപ് ടീം ലീഡറിൽ നിന്ന് രോഗിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ചോദിച്ച് മനസ്സിലാക്കണം.
- ഹോം കെയറുകളിൽ ആശയവിനിമയത്തിന് വളരെ പ്രാധാന്യം ഉണ്ട്. ടീം അംഗങ്ങൾ രോഗിയും കുടുംബാംഗങ്ങളുമായി സംസാരിക്കുമ്പോൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും രോഗിക്കും കുടുംബത്തിനും ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ രോഗ വിവരം ചോദിച്ച് മനസ്സിലാക്കുകയും ചെയ്യണം.
- ഈ കോഴ്സിൽ അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ അവധി അനുവദിക്കുകയുള്ളൂ. അവധി ആവശ്യമായ ദിവസങ്ങളിൽ കോഴ്സ് കോഡിനേറ്ററെ അറിയിക്കുകയും രേഖാമൂലം അപേക്ഷ നൽകുകയും ചെയ്യണം. ഇപ്രകാരം അവധി എടുക്കുയാണെങ്കിൽ പകരം കോഴ്സ് കാലയളവിലെ അവധി ദിവസങ്ങളിൽ അത്രയും ദിവസം പരിശീലകേന്ദ്രം നിർദ്ദേശിക്കുന്ന യൂണിറ്റുകളിൽ കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.
- പരീക്ഷ ദിവസങ്ങളിൽ ഹാജരാകാത്തവർക്കും ഹാജർകുറവ് മൂലം പരീക്ഷ എഴുതാൻ കഴിയാത്തവർക്കും പരീക്ഷയിൽ പരാജയപ്പെടുന്നവർക്കും അടുത്ത ബാച്ചിന്റെ കൂടെ മാത്രമേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ.
- തിയറി പരീക്ഷയ്ക്ക് ഓരോ പേപ്പറിനും മിനിമം 40% മാർക്കും പ്രായോഗിക പരീക്ഷയ്ക്ക് മിനിമം 50% മാർക്കും നേടിയാൽ മാത്രമേ വിജയിക്കാനാവൂ.



## അനുബന്ധം 1

സ.ഉ.(സാധാ) നം.766/2023/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്കോൾ-കേരളയുടെ ആഭിമുഖ്യത്തിൽ ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസിലറി നഴ്സിംഗ് കെയർ കോഴ്സ്) ആരംഭിക്കുന്നതിനു അനുമതി നൽകിക്കൊണ്ടും പാഠ്യപദ്ധതി അംഗീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്

സ.ഉ.(സാധാ) നം.766/2023/GEDN തീയതി,തിരുവനന്തപുരം, 30-01-2023

---

പരാമർശം:- 1. സ.ഉ (സാധാ) നം. 215/2022/പൊ.വി.വ തീയതി 11/01/2022

2. സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/12/2022-ലെ എ5/3216/2019/സ്കോൾ - കേരള നമ്പർ കത്ത്

ഉത്തരവ്

10.06.2019-ന് ചേർന്ന സ്കോൾ-കേരളയുടെ രണ്ടാമത് അക്കാദമിക് കൗൺസിൽ യോഗ തീരുമാനപ്രകാരം സ്കോൾ-കേരള മുഖേന ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സ് ആരംഭിക്കുന്നതിലേക്കായി കരട് പാഠ്യപദ്ധതി തയ്യാറാക്കുന്നതിനു പരാമർശം(1) ഉത്തരവ് പ്രകാരം അഞ്ചംഗ സമിതി രൂപീകരിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിലെ വിദഗ്ധരുടെയും സമിതിയുടെയും ശിപാർശകളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത കോഴ്സിന്റെ പേര് ഡിപ്ലോമ ഇൻ ഡൊമിസിലറി നഴ്സിംഗ് കെയർ എന്നു പുനർനാമകരണം ചെയ്യുന്നതിനും കരട് പാഠ്യപദ്ധതി കോഴ്സ് ഘടനയും അംഗീകരിക്കുന്നതിനും പരാമർശം(2) കത്ത് പ്രകാരം സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ മേൽ വിഷയം പരിശോധിച്ചു. സ്കോൾ-കേരളയുടെ ആഭിമുഖ്യത്തിൽ ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസിലറി നഴ്സിംഗ് കെയർ കോഴ്സ്) ആരംഭിക്കുന്നതിനുള്ള അനുമതിയും അനുബന്ധമായി ചേർത്തിട്ടുള്ള കോഴ്സിന്റെ പാഠ്യപദ്ധതിയ്ക്ക് അംഗീകാരവും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

സ.ഉ.(സാധാ) നം.766/2023/GEDN

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, തിരുവനന്തപുരം

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba Jayadevan
സെക്ഷൻ ഓഫീസർ
Date: 30-01-2023 11:28:04

**അനുബന്ധം 2**

## പഠനകേന്ദ്രങ്ങൾ

| | |
|---|---|
| **തിരുവനന്തപുരം** | ഗവ. തമിഴ് വി & എച്ച്.എസ്.എസ്, & ടി.ടി.ഐ ചാല(1044), തിരുവനന്തപുരം |
| **കൊല്ലം** | സെന്റ് അലോഷ്യസ് എച്ച്.എസ്.എസ് (2067), ഫാത്തിമ റോഡ്, കൊല്ലം |
| **പത്തനംതിട്ട** | ഇളമണ്ണൂർ വി.എച്ച്.എസ്.എസ് ഇളമണ്ണൂർ (904010), പത്തനംതിട്ട |
| **ആലപ്പുഴ** | കെ.കെ.കെ.പി.എം എച്ച്.എസ്.എസ് (4094) അമ്പലപ്പുഴ, ആലപ്പുഴ |
| **കോട്ടയം** | ഗവ.എച്ച്.എസ്.എസ് കാരാപ്പുഴ (5003), കോട്ടയം |
| **ഇടുക്കി** | ജി.വി.എച്ച്.എസ്.എസ് തൊടുപുഴ (29023), ഇടുക്കി |
| **എറണാകുളം** | ഗവ. ഗേൾസ് എച്ച്.എസ്.എസ് (7021), ആലുവ, എറണാകുളം |
| **തൃശൂർ** | പെയ്ൻ & പാലിയേറ്റീവ് കെയർ സൊസൈറ്റി, തൃശൂർ |
| **പാലക്കാട്** | എം.ഇ.എസ്.ഇ.എം എച്ച്.എസ്.എസ് (9097), ഒലവക്കോട്, പാലക്കാട് |
| **കോഴിക്കോട്** | ജെ.ഡി.റ്റി ഇസ്ലാം വി.എച്ച്.എസ്.എസ് (911016) വെള്ളിമാട്കുന്ന്, കോഴിക്കോട് |
| **മലപ്പുറം** | എം.എസ്.പി എച്ച്.എസ്.എസ് (11070), മലപ്പുറം |
| **വയനാട്** | ഗവ.എച്ച്.എസ്.എസ് മീനങ്ങാടി (12002), വയനാട് |
| **കണ്ണൂർ** | സി.എച്ച്.എം എച്ച്.എസ്.എസ് ഇളയാവൂർ (13143), കണ്ണൂർ |
| **കാസർഗോഡ്** | ജി.എം.വി എച്ച്.എസ്.എസ്, തളങ്കര (14040), കാസർഗോഡ് |

## അനുബന്ധം 3

**സ്കോൾ-കേരള, സംസ്ഥാന ഓഫീസ്**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471 2342271, 2342369, 2342950
E-mail: scolekerala@gmail.com

| | |
|---|---|
| **തിരുവനന്തപുരം**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവൺമെന്റ് തമിഴ് ഹയർസെക്കന്ററി സ്കൂൾ, ചാല<br>തിരുവനന്തപുരം - 695036<br>ഫോൺ: 0471 - 2572990<br>email: ksos.dctvm@gmail.com | **തൃശൂർ**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം,<br>ഗവ:മോഡൽ വൊക്കേഷണൽ ജി. എച്ച്.എസ്.എസ്.<br>പാലസ് റോഡ്,<br>തൃശൂർ - 680020, ഫോൺ:<br>0487 - 2322559, email:ksos.dctcr@gmail.com |
| **കൊല്ലം**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: മോഡൽ ബോയ്സ് എച്ച്.എസ്.എസ്. തേവള്ളി<br>കൊല്ലം - 691009<br>ഫോൺ: 0474 - 2798982<br>email: ksos.dcklm@gmail.com | **പാലക്കാട്**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.യു.പി.എസ്, പുത്തൂർ<br>പാലക്കാട് - 678005<br>ഫോൺ: 0491- 2536846<br>email:ksos.dcpkd@gmail.com |
| **പത്തനംതിട്ട**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ. എച്ച്.എസ്.എസ് &<br>വി.എച്ച്.എസ്.എസ് പത്തനംതിട്ട - 689645<br>ഫോൺ: 0468 - 2325499<br>email: ksos.dcpta@gmail.com | **മലപ്പുറം**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>മലബാർ റീജിയണൽ കേന്ദ്രം<br>സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, മലപ്പുറം<br>676505, ഫോൺ: 0483- 2734295<br>email:ksosmromlp@gmail.com |
| **ആലപ്പുഴ**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>കെ.കെ. കുഞ്ചുപിള്ള മെമ്മോറിയൽ എച്ച്.എസ്.എസ്<br>അമ്പലപ്പുഴ പി.ഒ.<br>ആലപ്പുഴ - 688561 ഫോൺ: 0477 - 2272040<br>email: scoledcalp@gmail.com | **കോഴിക്കോട്**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: മോഡൽ എച്ച്.എസ്.എസ്<br>കോഴിക്കോട് - 673001<br>ഫോൺ: 0495- 2723663<br>email:scoledckkd@gmail.com |
| **കോട്ടയം**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എച്ച്.എസ്.എസ്. കാരാപ്പുഴ<br>കോട്ടയം - 686003<br>ഫോൺ: 0481 - 2300443<br>email: ksos.dcktm@gmail.com | **വയനാട്**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എച്ച്.എസ്.എസ്, മീനങ്ങാടി<br>വയനാട് - 673591<br>ഫോൺ: 04936- 248722<br>email: ksos.dcwyd@gmail.com |
| **ഇടുക്കി**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.ജി.എച്ച്.എസ്.എസ്.തൊടുപുഴ<br>ഇടുക്കി - 685584<br>ഫോൺ: 0486 - 2225243<br>email: ksos.dcidk@gmail.com | **കണ്ണൂർ**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ. മുനിസിപ്പൽ വി.എച്ച്.എസ്.എസ്.<br>(സ്പോർട്ട്സ്) , കണ്ണൂർ - 670002<br>ഫോൺ: 0497-2702706<br>email: ksos.dcknr@gmail.com |
| **എറണാകുളം**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ഗവ: എസ്.ആർ.വി. എൽ.പി. സ്കൂൾ ക്യാമ്പസ്<br>സൗത്ത് എറണാകുളം 682011<br>ഫോൺ: 0484 - 2377537<br>email:ksos.dcekm@gmail.com | **കാസർഗോഡ്**<br>**ജില്ലാ കോഡിനേറ്റർ**<br>സ്കോൾ-കേരള, ജില്ലാകേന്ദ്രം<br>ജി.എം.വി. എച്ച്.എസ്.എസ്, തളങ്കര<br>കാസർഗോഡ് - 671122<br>ഫോൺ: 04994 - 226460<br>email: ksos.dcksd@gmail.com |

**STATE COUNCIL FOR OPEN AND LIFELONG EDUCATION-KERALA**

DIPLOMA IN DOMICILIARY NURSING CARE, 20...

## APPLICATION FOR CONDONATION - SHORTAGE OF ATTENDANCE

| | |
|---|---|
| 1. Name of Study Centre: | Centre Code : |
| 2. District of Study Centre: | |
| 3. Name of the candidate as per the Admission Register [*in block letters*] : | |
| 4. Postal address of the candidate as per the Admission Register : | |
| 5. Total No. of working hours during the academic year: | |

| | | | |
|---|---|---|---|
| 6. No. of hours present: | | 7. No. of hours absent: | |

| | |
|---|---|
| 8. Minimum percentage of attendance prescribed | |
| 9. Percentage of hours for which condonation is required | |
| 10. Reason for absence | |

11. Particulars of condonation fee remitted (offline/online)

| Chalan No/ Payment ID | Date of payment | Amount | Name of Post office (Offline) |
|---|---|---|---|
| | | | |

*Signature of the candidate*

**RECOMMENDATION OF THE PRINCIPAL/ HEAD OF THE INSTITUTION**

Certified that timely application for leave was made and leave has been granted. Condonation may be permitted.

*Name and Signature of the Principal/Head of the Institution*

*Place:*

*Date:*

*(Office Seal)*

# അനുബന്ധം 5

SCOLE KERALA

## STATE COUNCIL FOR OPEN AND LIFELONG EDUCATION-KERALA

DIPLOMA IN DOMICILIARY NURSING CARE, 20...

### APPLICATION FOR DUPLICATE CERTIFICATE

1. Name of the applicant with full address : ..........................................................................................

   ..........................................................................................

2. Name of Parent/Guardian : ..........................................................................................

3. Date of Birth : ..........................................................................................

4. Admission No. & Batch : ..........................................................................................

5. Particulars of the Examination : ..........................................................................................

| | Centre of the Examination | Reg. No. | Year & Month | Remarks |
|---|---|---|---|---|
| I[st] appearance | | | | |
| II[nd] appearance | | | | |
| III[rd] appearance | | | | |

6. Circumstances under which a Duplicate Certificate is applied for [lost/damaged] : ..........................................................

7. Has applicant applied for a Duplicate Certificate before? If yes give details : ..........................................................

   ..........................................................................................

8. Details regarding remittance of fees

| No. & Date of Chalan (offline) | Amount | Name of Post Office |
|---|---|---|
| | | |
| **Payment ID (online)** | **Amount** | **Date** |
| | | |

Place:

Date: Signature of Applicant

### RECOMMENDATION OF THE PRINCIPAL/HEAD OF THE INSTITUTION

Certified that to the best of my knowledge and belief, the Original Certificate issued to Sri/Smt ........................................................................................... was irrecoverably lost/damaged.

I have carefuly verified the particulars furnished above by the candidate and found the same correct.

I recommended that a duplicate Certificate may be issued to the applicant.

Place: ....................................  Principal/Head of the Institution

Date: ....................................  Office Seal  Name of School

---

ഉള്ളടക്കം: 1. അസൽ ചെലാൻ ☐, 2. ഒന്നാംക്ലാസ് മജിസ്ട്രേറ്റിന്റെ സാക്ഷ്യപത്രം ☐, 3. അസൽ സർട്ടിഫിക്കേറ്റ് ☐ (സർട്ടിഫിക്കേറ്റിന് കേടുപാടുകൾ സംഭവിച്ചതാണെങ്കിൽ), 4. എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കേറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ☐, 5. സ്കോൾ-കേരള അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ☐

കുറിപ്പ്: അപേക്ഷയിൽ സുചിപ്പിച്ചിട്ടുള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ അപേക്ഷ അയക്കുവാൻ പാടുള്ളു. പുർണമല്ലാത്ത അപേക്ഷ യാതൊരുവിധ അറിയിപ്പുമില്ലാതെ നിരസിക്കുന്നതായിരിക്കും.

# അനുബന്ധം 6

**STATE COUNCIL FOR OPEN AND LIFELONG EDUCATION-KERALA**

DIPLOMA IN DOMICILIARY NURSING CARE, 20...

## APPLICATION FOR DUPLICATE SCORE, GRADE SHEET

1. Name of the applicant with full address : ..............................................................................

   ..............................................................................

2. Name of Parent/Guardian : ..............................................................................

3. Date of Birth : ..............................................................................

4. Admission No. & Batch : ..............................................................................

5. Particulars of the Examination : ..............................................................................

| | Centre of the Examination | Reg. No. | Year & Month | Remarks |
|---|---|---|---|---|
| I[st] appearance | | | | |
| II[nd] appearance | | | | |
| III[rd] appearance | | | | |

6. Circumstances under which a Duplicate Score/Grade Sheet is applied for [lost/damaged] : ..........................................

7. Has applicant applied for a Duplicate Score/Grade Sheet before? If yes give details : ..........................................

   ..............................................................................

8. Details regarding remittance of fees

| No. & Date of Chalan (offline) | Amount | Name of Post Office |
|---|---|---|
| | | |
| Payment ID (online) | Amount | Date |
| | | |

Place:

Date:

Signature of Applicant

### RECOMMENDATION OF THE PRINCIPAL/ HEAD OF THE INSTITUTION

Certified that to the best of my knowledge and belief, the Original Score/Grade Sheet issued to Sri/Smt .............................................................................. was irrecoverably lost/ damaged. I have carefuly verified the particulars furnished above by the candidate and found the same correct. I recommended that a duplicate Score/Grade Sheet may be issued to the applicant.

Place: .....................................

Principal/Head of the Institution

Date: .....................................

Office Seal

Name of School

---

ഉള്ളടക്കം: 1. അസൽ ചെലാൻ ☐, 2. നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് ☐, 3. അസൽ മാർക്ക് ലിസ്റ്റ് ☐ (മാർക്ക് ലിസ്റ്റിന് കേടുപാടുകൾ സംഭവിച്ചതാണെങ്കിൽ), 4. എസ്.എസ്.എൽ.സി/തത്തുല്യ സർട്ടിഫിക്കേറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ☐, 5. സ്കോൾ-കേരള അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ☐

കുറിപ്പ്: അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ അപേക്ഷ അയക്കുവാൻ പാടുള്ളു. പൂർണമല്ലാത്ത അപേക്ഷ യാതൊരുവിധ അറിയിപ്പുമില്ലാതെ നിരസിക്കുന്നതായിരിക്കും.

## നിർദ്ദേശങ്ങൾ

1) ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സിന്റെ സർട്ടിഫിക്കേറ്റ്, സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ് എന്നിവയുടെ ഡ്യൂപ്ലിക്കേറ്റിന് വേണ്ടിയുള്ള ഫീസ് യഥാക്രമം 400/- രൂപ, 200/- രൂപ.

2) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കേറ്റ്/സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ് ഫീസ് ഒടുക്കാനായി വിദ്യാർഥികൾ സ്കോൾ-കേരള വെബ് സൈറ്റായ www.scolekerala.org യിൽനിന്നും ജനറേറ്റ് ചെയ്തെടുക്കുന്ന പ്രത്യേക ചെലാനിൽ നിശ്ചിത ഫീസ് സംസ്ഥാനത്തെ ഏതെങ്കിലും പോസ്റ്റാഫീസ് മുഖേനെയോ ഓൺലൈനായോ ഒടുക്കേണ്ടതാണ്.

3) അസ്സൽ സർട്ടിഫിക്കേറ്റ് തിരിച്ച് കിട്ടാത്തവിധത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ 200 രൂപയുടെ മുദ്രപത്രത്തിൽ ഒരു ഒന്നാംക്ലാസ് മജിസ്ട്രേറ്റിന്റെ കോടതി മുദ്ര പതിച്ച സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

4) അസൽ സ്കോർ ആന്റ് ഗ്രേഡ് ഷീറ്റ് തിരിച്ചുകിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ 100 രൂപയുടെ മുദ്രപത്രത്തിൽ അംഗീകൃത നോട്ടറിയുടെ അഫിഡവിറ്റ് സമർപ്പിക്കേണ്ടതാണ്.